"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർമാർക്ക് പ്രതിമാസം 1,500/- രൂപ നഗരസഭകളുടെ തനതു ഫണ്ടിൽ നിന്നും യാത്രാബത്തയായി നൽകുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1267/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2020

---

പരാമർശം:- 1 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 19.11.2019-ലെ യോഗതീരുമാനം നം.5

2 നഗരകാര്യ ഡയറക്ടറുടെ 21.12.2019,30.01.2020 തീയതികളിലെ ഡിസി.3-12310/19 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ നഗരസഭകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവർക്ക് പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, മേൽനോട്ടം വഹിക്കുക, അളവ് എടുക്കുക എന്നീ ജോലികളുടെ ഭാഗമായി നഗരത്തിന്റെ പല ഭാഗങ്ങളിലും സ്ഥിരമായി സഞ്ചരിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ ടി ജീവനക്കാർക്ക് പ്രതിമാസം 1,500/- രൂപ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും യാത്രാബത്ത നൽകുന്നതിന് അനുവാദം നൽകാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം ( 2 ) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ KSR ഭാഗം I ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം എഗ്രിമെന്റ് ഉണ്ടാക്കണം. യാത്ര ചെയ്യേണ്ടതിന്റെ ആവശ്യകത, യാത്രയുടെ ആധികാരികത എന്നിവ ഉചിത തലത്തിൽ പരിശോധിക്കണം എന്നീ വ്യവസ്ഥകളും, കരാർ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പാലിച്ചു കൊണ്ട് സ്ഥിരം നിയമനം ആവശ്യപ്പെടില്ലെന്ന വ്യവസ്ഥയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനിയർ/ഓവർസിയർമാർക്ക് പ്രതിമാസം 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും യാത്രാ ബത്തയായി നൽകാൻ അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പലിറ്റി ചെയർമാൻ/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) , തിരുവനന്തപുരം

ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ്(Dev-1/52/2020-Fin)

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020[illegible] 16:30:50 IST
Reason: Approved
സെക്ഷൻ ഓഫീസർ